MONDAY 02/11/2024 തിങ്കളാഴ്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : Nizam S A** **Editor : Dr. Binu Harriet Ivan**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 02/12/2024

1. കർഷക സേവനങ്ങൾ വേഗത്തിലാക്കാൻ കർഷക രജിസ്ട്രി. കൃഷിക്കുള്ള ഡിജിറ്റൽ പബ്ലിക് ഇൻഫ്രാസ്ട്രക്ചറിന്റെ (അഗ്രി സ്റ്റാക്ക്) ഘടകങ്ങളിലൊന്നാണ് കർഷക രജിസ്ട്രി. കർഷക രജിസ്ട്രി പ്രവർത്തനക്ഷമമാകുന്നതിന്റെ ഫലമായി സർക്കാർ പദ്ധതികൾ വേഗത്തിലും, സുതാര്യമായും കർഷകർക്ക് ലഭ്യമാകുന്നു. കൂടാതെ പേപ്പർ രഹിതവും സുഗമവുമായുള്ള വിള വായ്പകൾ, തടസ്സങ്ങളില്ലാതെയുള്ള വിള സംഭരണം തുടങ്ങിയവ കർഷകർക്ക് ഗുണകരമായ രീതിയിൽ ലളിതവത്ക്കരിക്കുന്നതിനായുള്ള കർഷക കേന്ദ്രീകൃത ഡിജിറ്റൽ പരിഹാരങ്ങൾ വികസിപ്പിക്കാൻ കർഷക രജിസ്ട്രി സഹായിക്കും. കേരളത്തിലെ പി എം കിസാൻ ഗുണഭോക്താക്കൾ ഉൾപ്പെടെ 30 ലക്ഷം കർഷകരെ കർഷക രജിസ്ട്രിയുടെ ഭാഗമാക്കാനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. കേന്ദ്രസർക്കാരിന്റെ കർഷക രജിസ്ട്രി ആപ്ലിക്കേഷനിലൂടെ സമർപ്പിക്കുന്ന കർഷകരുടെ വിവരങ്ങൾ ഉപയോഗിച്ച് ദേശീയതലത്തിൽ ജനറേറ്റ് ചെയ്യുന്ന ഒരു കർഷക ഐഡി കർഷകർക്ക് ലഭ്യമാകുന്നു. ഇതുപയോഗിച്ച് കർഷകർക്ക് ഭാവിയിൽ കേന്ദ്ര സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികളിലെ ആനുകൂല്യങ്ങൾ മറ്റ് രേഖകളൊന്നും കൂടാതെ തന്നെ സുതാര്യമായും കാര്യക്ഷമമായും വേഗത്തിലും ലഭ്യമാകും. കർഷക രജിസ്ട്രിയുമായി ബന്ധപ്പെട്ട് കൃഷിഭവനിൽ നിന്നും അറിയിപ്പ് ലഭിച്ചാലുടൻ തന്നെ കേന്ദ്ര സർക്കാരിന്റെ കർഷക രജിസ്ട്രി ആപ്ലിക്കേഷനിൽ ലോഗിൻ ചെയ്തു ആധാർ ലിങ്ക് ചെയ്ത മൊബൈൽ ഫോണിൽ വരുന്ന OTP നല്കി ആധാർ കാർഡ്, തങ്ങളുടെ കൃഷി ഭൂമി സംബന്ധിച്ച വിവരങ്ങൾ, കരമടച്ച രസീത് എന്നിവയുമായി ഒത്തു നോക്കി ശരിയാണെന്നു ഉറപ്പുവരുത്തേതാണ്. ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ 2024 ഡിസംബർ, 2025 ജനുവരി മാസങ്ങളിൽ പൂർത്തിയാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കർഷകർക്ക് കർഷക രജിസ്ട്രിയിൽ

വിവരങ്ങൾ ചേർക്കുന്നതിന് സ്വന്തമായി സാധ്യമല്ലെങ്കിൽ അടുത്തുള്ള അക്ഷയ സെന്ററിന്റേയോ, കോമൺ സർവീസ് സെന്ററിന്റേയോ കൃഷിഭവന്റെയോ സഹായം തേടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 1800-425-1661 എന്ന ടോൾ ഫ്രീ നമ്പറിലോ, 0471 -2309122, 2303990, 2968122 എന്നീ ഹെല്പ് ഡെസ്ക് നമ്പരുകളിലോ വിളിക്കേണ്ടതാണ്. കതിർ ആപ്പ് ഡൗൺലോഡ് ചെയ്തും കർഷക രജിസ്ട്രി ചെയ്യാവുന്നതാണ്.

2. സംസ്ഥാനത്തെ കർഷകരുടെ പരിതഃസ്ഥിതി സാഹചര്യം, വരുമാനം എത്രമാത്രം മെച്ചപ്പെട്ടിട്ടുണ്ടെന്ന് കണക്കാക്കുന്നതിനായി കൃഷി വകുപ്പും സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പും സംയുക്തമായി നടത്തുന്ന Situation Assessment Survey on Agricultural Households in Kerala: 2024-25' എന്ന സർവേ 2024 നവംബർ മാസം ഒന്നാം തീയതി മുതൽ ആരംഭിച്ചിട്ടുണ്ട്. ഡിസംബർ മാസത്തോടെ വിവരശേഖരണം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.കേരളത്തിലെ ഗ്രാമീണ മേഖലയിൽ നിന്നും തിരഞ്ഞെടുത്ത 152 സാമ്പിൾ വാർഡുകളിൽ രണ്ടു ഘട്ടങ്ങളിലായി നടത്തുന്ന ഈ സർവേയിൽ പൂർണമായും ശാസ്ത്രീയ മാർഗങ്ങളിലൂടെ തിരഞ്ഞെടുത്ത കർഷക - കുടുംബങ്ങളിൽ നിന്നുമാണ് വിവരങ്ങൾ ശേഖരിക്കുന്നത്. പ്രത്യേകം തയ്യാറാക്കിയ ഫോറങ്ങളിലൂടെ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലേയും കൃഷി വകുപ്പിലേയും ഉദ്യോഗസ്ഥരാണ് വിവരശേഖരണം നടത്തുന്നത്. അതിനാൽ വിവരശേഖരണത്തിനായി സമീപിക്കുന്ന ഉദ്യോഗസ്ഥർക്ക് കൃത്യമായ വിവരങ്ങൾ നൽകേണ്ടതാണ്.

3. പാലക്കാട് ജില്ലയിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന രാത്രികാല മൃഗചികിത്സാ സേവനം, മൊബൈൽ വെറ്ററിനറി യൂണിറ്റ് എന്നീ പദ്ധതികളിലേക്ക് താൽക്കാലികാടിസ്ഥാനത്തിൽ രജിസ്ട്രേഡ് വെറ്ററിനറി ഡോക്ടർമാരെ നിയമിക്കുന്നു.

രാത്രികാല മൃഗചികിത്സാ സേവനവുമായി ബന്ധപ്പെട്ട് ജില്ലയിൽ ഒഴിവുള്ള ഏഴ് ബ്ലോക്കുകളിലേക്കും മൂന്ന് മൊബൈൽ വെറ്ററിനറി യൂണിറ്റുകളിലേക്കുമാണ് നിയമനം. നിയമന കാലാവധി 89 ദിവസം മാത്രം ആയിരിക്കും. രാത്രികാല മൃഗചികിത്സ സേവനത്തിന് പ്രതിമാസം 44,020 രൂപയും മൊബൈൽ വെറ്ററിനറി യൂണിറ്റിലെ സേവനത്തിന് പ്രതിമാസം 56100 രൂപയുമാണ് ഹോണറേറിയം. തിരഞ്ഞെടുക്കപ്പെടുന്നവർ ബന്ധപ്പെട്ട ബ്ലോക്കിൽ നിശ്ചയിക്കപ്പെട്ട സ്ഥാപനങ്ങളിൽ ജോലി ചെയ്യേണ്ടതും ആവശ്യാനുസരണം കർഷകരുടെ വീടുകളിൽ സേവനം നൽകാൻ ബാധ്യസ്ഥരുമായിരിക്കും. താൽപര്യമുള്ളവർക്കായി 2024 ഡിസംബർ മൂന്നിന് രാവിലെ 10.30 മുതൽ 11.30 വരെയും (രാത്രികാല മൃഗ ചികിത്സ സേവനത്തിലേക്ക് അപേക്ഷിക്കുന്നവർക്ക്) 11.30 മുതൽ 12.30 വരെയും (മൊബൈൽ വെറ്ററിനറി യൂണിറ്റിലേക്ക് അപേക്ഷിക്കുന്നവർക്ക്) പാലക്കാട് ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ വെച്ച് കൂടികാഴ്ച നടത്തും.

4. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് സർവകലാശാല ഗോട്ട് ആൻഡ് ഷീപ്പ് ഫാം മണ്ണുത്തിയിൽ ആട്ടിൻപാൽ രാവിലെ 10 മണി മുതൽ 10.30 മണി വരെ വില്പനയ്ക്ക് ലഭ്യമാണ്. ആവശ്യമുള്ളവർ രാവിലെ 10 മണിക്ക് മുൻപായി ഫാമിൽ എത്തിച്ചേരേണ്ടതാണ് കൂടുതൽ വിവരങ്ങൾക്ക് 0487 2961100 എന്ന ഫോൺ നമ്പറിൽ വിളിക്കേണ്ടതാണ്.

**പരിശീലന പരിപാടി**

5. ക്ഷീരവികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീരകർഷകർക്ക് വിവിധ വിഷയങ്ങളിൽ ഡിസംബർ 04, 05 എന്നീ തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 9388834424 / 9446453247 എന്നീ നമ്പരുകളിൽ വിളിക്കുക അല്ലെങ്കിൽ വാട്സ് അപ്പ് ചെയ്യുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

6. ക്ഷീര വികസന വകുപ്പിൻറെ കീഴിലുള്ള തിരുവനന്തപുരം ക്ഷീര പരിശീലന കേന്ദ്രത്തിൽ 2024 ഡിസംബർ മാസം 04, 05 തീയതികളിൽ പത്തിലേറെ കറവ പശുക്കളെ വളർത്തുന്നവരോ അതിനുള്ള സാഹചര്യം ഉള്ളവരോ ആയ ക്ഷീര കർഷകർക്കായി 'ക്ഷീര സംരംഭകത്വം ശാസ്ത്രീയ പശു പരിപാലനത്തിലൂടെ' എന്ന വിഷയത്തിൽ ഒരു പരിശീലന പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 2024 ഡിസംബർ 3 തീയതി വൈകുന്നേരം 5 മണിയ്ക്ക് മുൻപായി തിരുവനന്തപുരം ക്ഷീര പരിശീലന കേന്ദ്രവുമായി ഫോൺമുഖേനയോ, ഇ -മെയിൽ മുഖാന്തിരമോ മുൻകൂട്ടി രജിസ്റ്റ്റേഷനായി ബുക്ക് ചെയ്യേണ്ടതാണ്. മേൽ പരാമർശിച്ച പ്രകാരം ബുക്ക് ചെയ്തവർ 04.12.2024 ബുധനാഴ്ച രാവിലെ 10 മണിയ്ക്ക് മുൻപായി പട്ടത്തുള്ള തിരുവനന്തപുരം ക്ഷീര പരിശീലനകേന്ദ്രത്തിൽ എത്തി, പേര് നേരിട്ട് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് പ്രതിദിനം 150/- രൂപ ദിനബത്തയും, 2 ദിവസത്തേയ്ക്കും കൂടി ആകെ 100/- രൂപ യാത്രബത്തയും ലഭിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് - 20/- രൂപ പരിശീലനത്തിൽ പങ്കെടുക്കുന്ന വ്യക്തിയുടെ ആധാറിന്റെ പകർപ്പ്, ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. (പകർപ്പിൽ അക്കൗണ്ട് നമ്പരും ഐ.എഫ്.എസ്.സി.കോഡും വ്യക്തമായി തെളിഞ്ഞിരിക്കണം). കൂടുതൽ വിവരങ്ങൾക്ക് ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം, പി. ഒ. ഫോൺ നം: 0471-2440911

e-mail id: principaldtctvm@gmail.com